# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2967      13.03.2018 ൽ മറുപടിയ്ക്ക്

## മാതൃകാ പകൽവീട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ഡോ. കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** |
| എ) മാതൃകാ പകൽവീട് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; എന്തെല്ലാം സവിശേഷതകളാണ് ഈ വീടുകളിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പഞ്ചായത്തുകളിൽ 150 പകൽവീട്ടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>വായനശാല, സിനിമ കാണുന്നതിനും സംഗീതം കേൾക്കുന്നതിനുമുള്ള സൗകര്യം, യോഗയും ധ്യാനവും പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കഴിവുള്ളവർക്ക് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യം, ചിത്രരചന, തുന്നൽ, പുസ്തകമെഴുത്ത് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ പരിശോധന, കൗൺസിലിംഗ് സൗകര്യം, പോഷക സമൃദ്ധമായ ഭക്ഷണം, വൃദ്ധജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള കസേരകൾ കിടക്കകൾ, അവർക്ക് അനുയോജ്യമായ ശൗചാലയങ്ങൾ, ഉദ്യാനം, വീട്ടുകളിൽ നിന്നും രാവിലെ വിളിച്ചു കൊണ്ടുവരുന്നതിനും വൈകുന്നേരം തിരിച്ചു കൊണ്ടുവിടുന്നതിനുമുള്ള സൗകര്യം എന്നിവയാണ് മാതൃകാ പകൽവീട്ടുകളുടെ സവിശേഷതകളായി ഉദ്ദേശിച്ചിട്ടുള്ളത്. |
| ബി) ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധ ജനങ്ങളെ സംബന്ധിച്ച ഡേറ്റാ ബേസ് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (ബി) പകൽവീട്ടുകൾ സ്ഥാപിക്കുന്നതിനു മുന്നോടിയായി ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു.<br>നഗരസഭയുടെ പരിധിയിൽ ഒറ്റപ്പെട്ടുകഴിയുന്ന വൃദ്ധ ജനങ്ങളെ |

സംബന്ധിച്ച് ആശ്രയ സർവ്വേ മുഖാന്തിരം ഡാറ്റാ ബേസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധുജനങ്ങളുടെയും റെസിഡൻസ് അസോസ്സിയേഷനുകളുടെയും സഹകരണമുറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ? | (സി) | റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ചും നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യമൊരുക്കിയുമാണ് പ്രസ്തുത പദ്ധതി പഞ്ചായത്ത് വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>നഗരസഭകളിൽ ഇതിനായുള്ള നടപടികൾ ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ